LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ വിശദാംശം

16(221) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം ഘട്ടത്തിലുള്ള കേസുകളാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം മന്ത്രിമാർ, എം.എൽ.എ.മാർ, രാഷ്ട്രീയകക്ഷികളുടെ ജില്ലാതലം വരെയുള്ള നേതാക്കൾ എന്നിവരുടെ കേസുകൾ ഈ വിധം പിൻവലിക്കുകയുണ്ടായി എന്നും ഭരണകക്ഷിയിൽപ്പെട്ട എത്ര പേരുടെ കേസുകൾ പ്രസ്തുത കാലയളവിൽ പിൻവലിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരംശേഖരിച്ചു വരുന്നു.

പിൻവലിച്ച ക്രിമിനൽ കേസുകൾ

17(222) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര ക്രിമിനൽ കേസുകൾ പിൻവലിച്ചു എന്ന് അറിയിക്കുമോ ;

(ബി) ഇവയിൽ ഓരോ കേസിലും എത്ര പ്രതികളുണ്ടായിരുന്നുവെന്നും പ്രസ്തുത പ്രതികളിൽ എത്ര പേർ ഏതെല്ലാം രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകരോ അനുഭാവികളോ ആയിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) പിൻവലിച്ച കേസുകളിൽ കൊലക്കേസ്, സ്ഫോടനക്കേസ്, ദേഹോപദ്രവം എന്നിവ സംബന്ധിച്ച കേസുകൾ, അക്രമം, തീവെയ്പ്, വസ്തുവകകൾക്ക് നാശനഷ്ടം വരുത്തിയത് സംബന്ധിച്ച കേസുകൾ, പോലീസ് സ്റ്റേഷൻ ആക്രമിച്ചത് സംബന്ധിച്ച കേസുകൾ എന്നിവ എത്ര വീതം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരംശേഖരിച്ചു വരുന്നു.

സി.ബി.ഐ.-ക്ക് വിട്ടിട്ടുള്ള ക്രിമിനൽ കേസ്സുകൾ

18(223) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഇതുവരെ എത്ര ക്രിമിനൽ കേസുകൾ സർക്കാർ തീരുമാനപ്രകാരം സിബിഐ.-ക്ക് വിട്ടിട്ടുണ്ട് ; ഇവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ :